| 16-04-2022 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - 21 ജന്മങ്ങളിലേക്ക് രാജ്യപദവി നേടണമെങ്കിൽ ജ്ഞാന ധനത്തിന്റെ ദാനം ചെയ്യൂ, ശേഷം മറ്റുള്ളവരെക്കൊണ്ടും ചെയ്യിപ്പിക്കു.**

**ചോദ്യം** : മുന്നോട്ട് പോകവേ ഗ്രഹപ്പിഴ ഉണ്ടാകുന്നതിനുള്ള മുഖ്യമായ കാരണം എന്താണ്?
**ഉത്തരം** : ശ്രീമത്തനുസരിച്ച് പൂർണ്ണമായും നടക്കുന്നില്ല അതുകൊണ്ട് ഗ്രഹപ്പിഴ ഉണ്ടാകുന്നു. അഥവാ നിശ്ചയ ബുദ്ധിയായി ഒരേ ഒരു ബാബയുടെ നിർദ്ദേശമനുസരിച്ച് സദാ നടന്നാൽ ഗ്രഹപ്പിഴ ഉണ്ടാകില്ല, സദാ മംഗളം ഉണ്ടാകും. വൈകി വന്നവർക്ക് പോലും വളരെ മുന്നിൽ പോകുവാൻ സാധിക്കും . നിമിഷങ്ങളുടെ കളിയാണ്. ബാബയുടേതായി എങ്കിൽ അവകാശിയാകണം. അളവറ്റ സുഖത്തിന്റെ ഖജനാവ് ലഭിക്കും എന്നാൽ ശ്രീമത്തനുസരിച്ച് സദാ നടന്നുകൊണ്ടിരിക്കണം.

**ഗീതം**: അങ്ങ് സ്നേഹത്തിന്റെ സാഗരമാണ്....

**ഓം ശാന്തി**. ഓം ശാന്തിയുടെ അർത്ഥം കുട്ടികൾക്ക് പലതവണ മനസ്സിലാക്കി തന്നിട്ടുണ്ട്. ഓം എന്നാൽ ഞാൻ ആത്മാവ്, ഇതെന്റെ ശരീരം. ബാബ പറയും ഞാൻ ആത്മാവും പരമാത്മാവുമാണെന്ന്. ബാബ യ്ക്ക് ശരീരമില്ല കാരണം ബാബ സർവ്വരുടെയും അച്ഛനാണ്. ഞങ്ങൾ ആത്മാവും പരമാത്മാവുമാണെന്ന് നിങ്ങൾ പറയില്ല. ഞാൻ ആത്മാ പരമാത്മാവിന്റെ സന്താനമാണ് എന്നത് ശരിയാണ്. എന്നാൽ ആത്മാവ് തന്നെ പരമാത്മാവ് എന്ന് പറയുന്നത് പൂർണ്ണമായും തെറ്റാകുന്നു. നിങ്ങൾ കുട്ടികൾ ബാബയെ മനസ്സിലാക്കി. ഇത് പഴയ ലോകമാണെന്ന് മനസ്സിലായി. പുതിയ ലോകമെന്ന് സത്യയുഗത്തെ വിളിക്കാം. എന്നാൽ സത്യയുഗം എപ്പോഴാണ് ഉണ്ടായിരുന്നത് എന്ന് ആ പാവങ്ങൾക്ക് അറിയില്ല. കലിയുഗത്തിന് ഇനിയും ബാക്കി നാല്പതിനായിരം വർഷമുണ്ടെന്നാണ് കരുതുന്നത്. ഞങ്ങൾ ഇപ്പോൾ ശ്രീമത്തനുസരിച്ച് പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യുകയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഞാൻ നിങ്ങളിലൂടെ പുതിയ ലോകത്തിന്റെ സ്ഥാപന ചെയ്യിപ്പിക്കുന്നു എന്ന് ബാബ പറയുന്നു. നിങ്ങളിലൂടെ വിനാശം ചെയ്യിപ്പിക്കുന്നില്ല. നിങ്ങൾ അതേ ശിവ ശക്തികൾ, പ്രജാപിതാ ബ്രഹ്മാവിന്റെ മുഖവംശാവലികളാണ്, അഹിംസകരായ ശക്തീ സേനയാണ്. നിങ്ങൾ തന്നെയാണ് ബാബയിൽ നിന്നും സമ്പത്തെടുക്കാൻ അധികാരി. ശ്രീമത്ത് നിങ്ങൾ ബ്രാഹ്മണർക്കാണ് ലഭിക്കുന്നത്. നിങ്ങൾ കാമവികാരത്തെ ജയിക്കുന്നു, അതുകൊണ്ടാണ് ഇവിടെ വരുന്നവരോട് കാമവികാരത്തെ ജയിച്ചു എങ്കിൽ ബാബയെ കാണാം എന്ന് നിങ്ങൾക്ക് പറയുവാൻ സാധിക്കുന്നത്. ഒന്നാനമ്മയുടെയും രണ്ടാനമ്മയുടെയും കുട്ടികളുണ്ട്. ഒന്നാനമ്മയുടെ കുട്ടികൾക്ക് ഒരിക്കലും വികാരത്തിലേക്ക് പോകുവാൻ സാധിക്കില്ല. ഇപ്പോൾ നമുക്ക് ബാബയെ ലഭിച്ചു, ബാബ ജ്ഞാനസാഗരമാണ്. കൃഷ്ണനെ ജ്ഞാനസാഗരം എന്ന് വിളിക്കുവാൻ സാധിക്കില്ല. ശിവബാബയുടെ മഹിമയും ദേവതകളുടെ മഹിമയും തികച്ചും വ്യത്യസ്ഥമാണ്. ദേവതകളുടെ മഹിമയാണ് സമ്പൂർണ്ണ നിർ വികാരി. ശിവബാബയെ മനുഷ്യ സൃഷ്ടിയുടെ ബീജരൂപം, സത് ചിത് ആനന്ദ സ്വരൂപം, ജ്ഞാനസാഗരം എന്ന് വിളിക്കുന്നു. ഈ ശരീരം ആദ്യം ജഡമായിരുന്നു പിന്നീട് ഇതിൽ ആത്മാവ് പ്രവേശിക്കുമ്പോൾ ചൈതന്യമാകുന്നു. ഈ മനുഷ്യ സൃഷ്ടിയാകുന്ന വൃക്ഷത്തിന്റെ ഉത്പത്തി എങ്ങനെയാണ് നടക്കുന്നത് എന്ന് ബീജരൂപനായ ബാബയ്ക്ക് മാത്രമേ അറിയുകയുള്ളു. ആ ബാബ നിങ്ങൾക്ക് ജ്ഞാനം നല്കുന്നു. നിങ്ങൾക്ക് കുറച്ച് ജ്ഞാനം നല്കുന്നതിലൂടെ തന്നെ നിങ്ങൾ പഴയ ലോകത്തിൽ നിന്ന് പുതിയ ലോക ത്തിലേക്ക് പോകുന്നു. സ്വർഗ്ഗത്തെയാണ് ശിവാലയം എന്ന് വിളിക്കുന്നത്. ശിവബാബയാൽ സ്ഥാപിക്കപ്പെട്ട സ്വർഗ്ഗത്തിൽ ചൈതന്യ ദേവതകൾ വസിക്കുന്നു. ഭക്തീ മാർഗ്ഗത്തിൽ അവരെ ക്ഷേത്രത്തിൽ ഇരുത്തിയിരിക്കുന്നു. നിങ്ങളാണ് സത്യം സത്യമായ ബ്രാഹ്മണർ. നിങ്ങളെ ശിവബാബ ബ്രഹ്മാവിലൂടെ തന്റേതാക്കി. ഞങ്ങൾ മുഖവംശാവലികളാണെന്ന് ഭൗതീക ബ്രാഹ്മണർ പറയുന്നു എന്നാൽ ഇങ്ങനെയും അവർ പറയുന്നുണ്ട് ബ്രാഹ്മണ ദേവീ ദേവതായ നമഃ കാരണം അവർക്കറിയാം ഞങ്ങൾ പൂജാരി ബ്രാഹ്മണരാണ് താങ്കൾ പൂജ്യരാണെന്നും. വികാരി ബ്രാഹ്മണർ പവിത്രമായവരെ നമസ്കരിക്കുന്നു. നിങ്ങൾ ഇപ്പോൾ പൂജ്യ ബ്രാഹ്മണരാണ് എന്നാൽ ഒരു സമയമാകുമ്പോൾ നിങ്ങളും പറയും ബ്രാഹ്മണ ദേവതായ നമഃ കാരണം ഇപ്പോൾ നിങ്ങൾ പൂജ്യ ബ്രാഹ്മണരാണ് പോയി പൂജാരിയാകുന്നത്. ഇത് വളരെ ഗുഹ്യമായ രമണീകമായ കാര്യമാണ്. ശ്രീമത്തനുസരിച്ച് നടക്കുന്നവർക്കാണ് ഈ രീതിയിൽ ധാരണ ചെയ്ത് പിന്നെ ചെയ്യിപ്പിക്കുവാൻ സാധിക്കുന്നത്. വക്കീലിനും സർജനും പഠിക്കുന്നതിനനുസരിച്ച് പോയിന്റ്സ് അഥവാ മരുന്നുകൾ ബുദ്ധിയിൽ ഇരിക്കുന്നു. പേര് വക്കീലെന്നായിരിക്കും എന്നാൽ ചിലർ ലക്ഷാധിപതി, ചിലർ ഒരു വരുമാനവും ഇല്ലാത്തവരായിരിക്കും. ഇവിടെയും സംഖ്യാക്രമമായി ദാനം ചെയ്യുന്നതിനനുസരിച്ച് അവർക്ക് പ്രതിഫലം ലഭിക്കുന്നു. അതുകൊണ്ടാണ് പറയാറ് - ധനം നല്കിയാൽ ധനം കുറയില്ല.... അവിടെ

ദാനം ചെയ്യുമ്പോൾ അടുത്ത ജന്മത്തിൽ അല്പ കാലത്തേക്ക് പ്രതിഫലം ലഭിക്കുന്നു. ധനികന്റെ വീട്ടിൽ പോയി ജന്മമെടുക്കുന്നു. ഇവിടെ ചെയ്യുമ്പോൾ 21 ജന്മങ്ങളിലേക്ക് രാജ്യാധികാരി ആകുന്നു. നിങ്ങൾ സർവ്വ പോയിന്റുകളും കുറിച്ചു വെയ്ക്കണം. നിങ്ങൾ പേപ്പറിൽ നോക്കി പ്രഭാഷണം ചെയ്യരുത്, പകരം ബുദ്ധിയിൽ വെച്ച് പ്രഭാഷണം ചെയ്യണം. എങ്ങനെയാണോ ശിവബാബ ജ്ഞാനസാഗരനും, പതിത പാവനനും അതുപോലെ നിങ്ങൾ കുട്ടികളും ആകണം.

ഒരു പെൺകുട്ടി കത്ത് എഴുതിയിരുന്നു എന്റെ അച്ഛൻ ടീച്ചറായിരുന്നു, അങ്ങും എന്റെ അച്ഛനും ടീച്ചറുമാണ്. അത് പരിധിയുള്ളതാണ്, ഇത് പരിധിയില്ലാത്തതാണ്. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. പരിധിയുള്ള അച്ഛൻ പരിധിയുള്ള കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. ആ അച്ഛൻ പരിധിയുള്ള സുഖം തരുന്നവനാണ്. പരിധിയുള്ള സേവ ചെയ്യുന്നവർ പേര് സർവ്വോദയ എന്ന് വെയ്ക്കാറുണ്ട്, ഇതും അസത്യമാണ്. സർവ്വം അർത്ഥം മുഴുവൻ ലോകത്തിനുമേൽ ദയ കാണിക്കുന്നില്ലല്ലോ. ബാബയാണ് സർവ്വരുടെമേലും ദയ കാണിച്ച് പാവനമാക്കുന്നത്. തത്വങ്ങളെയും പാവനമാക്കുന്നു. ലോകം ഒന്നേയുള്ളു അത് തന്നെ പുതിയതിൽ നിന്നും പഴയതാകുന്നു. ഭാരതം തന്നെ ആയിരുന്നു സ്വർഗ്ഗം, ഭാരതം തന്നെയാണ് നരകം. ബൗദ്ധി ഖണ്ഡമോ, ക്രിസ്ത്യൻ ഖണ്ഡമോ ഒന്നും സ്വർഗ്ഗമായിരുന്നില്ല. സർവ്വരേയും ദുഃഖത്തിൽ നിന്നും മോചിപ്പിക്കുന്ന ഹെവൻലി ഗോഡ് ഫാദർ ഒരേ ഒരു ബാബ മാത്രമാണ്. മുക്തിദാതാവാണ്, വഴികാട്ടിയുമാണ്, ബാബയെ സർവ്വരും ഓർമ്മിക്കുന്നു. കുട്ടി കളേ, സമയം വളരെ കുറവാണ്, ഇപ്പോൾ ദേഹ സഹിതം സർവ്വതിൽ നിന്നും ബുദ്ധിയോഗം വേർപെടുത്തു. ഇപ്പോൾ ഞങ്ങൾ ഞങ്ങളുടെ അച്ഛന്റെ അടുത്തേക്ക് പോകുന്നു പിന്നീട് വന്ന് രാജ്യം ഭരിക്കും. നിങ്ങൾ ക്കാണ് മുഖ്യമായ ഹീറോ ഹീറോയിന്റെ പാർട്ട്. അച്ഛനും അമ്മയും എങ്ങനെയാണോ അതുപോലെ തന്നെ കുട്ടികളും സർവ്വരും പുരുഷാർത്ഥികളാണ്. പുരുഷാർത്ഥം ചെയ്യിപ്പിക്കുന്ന ഒരേ ഒരു പരമപിതാ പരമാത്മാവ് വളരെ പ്രിയപ്പെട്ടതാണ്. ഭക്തീ മാർഗ്ഗത്തിൽ ബാബയെ ഓർമ്മിക്കുന്നുണ്ട് എന്നാൽ ബാബയെ അറിയുന്നില്ല. രചയിതാവും രചനയും അനന്തമാണെന്ന് ഋഷി-മുനിമാരൊക്കെ പറഞ്ഞിരുന്നു എങ്കിൽ ഇന്നത്തെ കാലത്തെ ഗുരുക്കന്മാർക്ക് നമ്മൾ തന്നെ പരമാത്മാവ് എന്നെങ്ങനെ പറയുവാൻ സാധിക്കും! ദിൽവാഡ ക്ഷേത്രത്തിൽ ആദിദേവന്റെ ചിത്രമുണ്ട്, താഴെ കറുപ്പിച്ച് കാണിച്ചിരിക്കുന്നു. പിന്നെ അചൽഘറിൽ സ്വർണ്ണത്തിന്റേത് വെച്ചിരിക്കുന്നു, താഴെ തപസ്സ് ചെയ്യുന്നു മുകളിൽ സ്വർഗ്ഗമാണ്. ഇതാണ് നമ്മുടെ ഓർമ്മ ചിഹ്നം. പതിതരെ പാവനമാക്കുന്നു എങ്കിൽ സംഗമമായില്ലേ. ഭക്തീ മാർഗ്ഗത്തിലുള്ളവരും ഉണ്ടായിരിക്കും. ബാബ ഈ ശരീരത്തിലൂടെ ഈ ക്ഷേത്രത്തിലെ തന്റെ ജഡ ഓർമ്മ ചിഹ്നവും കാണുന്നു. നിങ്ങളും നിങ്ങളുടെ ഓർമ്മ ചിഹ്നം കാണൂ. ഇത് ഞങ്ങളുടെ ഓർമ്മ ചിഹ്നമാണെന്ന് ആദ്യം നിങ്ങൾക്കും അറിയില്ലായിരുന്നു. നിങ്ങൾ പൂജ്യരായ ദേവീ ദേവതകളാണ് ഇപ്പോൾ പൂജാരികളായത് എന്ന് ഇപ്പോൾ നിങ്ങൾക്കറിയാം. ഞങ്ങൾ തന്നെ ദേവത, ഞങ്ങൾ തന്നെ ക്ഷത്രിയർ...ഹം സോ (ഞങ്ങൾ തന്നെ) എന്നതിന്റെ അർത്ഥവും നിങ്ങൾക്കേ അറിയൂ. പുതിയ ലോകം തന്നെ എങ്ങനെ പഴയതാകുന്നു. പുതിയതാകുമ്പോൾ പഴയതിനു വിനാശം ഉണ്ടാകുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന തീർച്ചയായും ഇവിടെയാണ് നടക്കേണ്ടത്. ഇവിടെയാണ് പ്രജകളെ രചിക്കുന്നത്. സൂക്ഷ്മവതനത്തിൽ ബ്രഹ്മാവ് തനിയെയാണ് ഇരിക്കുന്നത്. രചന രചിച്ച് പൂർത്തിയാകുമ്പോൾ ഫരിസ്തയാകുന്നു.

നിങ്ങളാണ് പ്രജാപിതാ ബ്രഹ്മാ മുഖവംശാവലി ബ്രാഹ്മണ കുല ഭൂഷണർ. വാസ്തവത്തിൽ സർവ്വോദയ ലീഡർ നിങ്ങളാണ്. ശ്രീമത്തനുസരിച്ച് നിങ്ങൾ തന്റെമേൽ ദയ കാണിക്കുന്നു ഒപ്പം സർവ്വരുടെമേലും ദയ കാണിക്കുന്നു. ശ്രീ ശ്രീ ശിവബാബ നിങ്ങളെ ശ്രീ ആക്കുന്നു. ശ്രീ ശ്രീ എന്ന് വാസ്തവത്തിൽ ബാബയെ മാത്രമേ പറയാൻ സാധിക്കു. പതിത പാവനൻ, സർവ്വരുടെയും സത്ഗതി ദാതാവ് ഒന്ന് മാത്രമാണ്. ബാക്കി ഇത് അസത്യമായ ലോകമാണ്. ഇവിടെ എന്തൊക്കെയാണോ പറയുന്നത് അത് അസത്യം തന്നെ അസത്യമാണ്. രചയിതാവിനെയും രചനയെകുറിച്ചും അസത്യം പറയുന്നു. ഈ ജ്ഞാനത്തെ സത്യനാരായണന്റെ കഥ എന്ന് പറയുന്നു. നിങ്ങൾ ഈ ജ്ഞാനത്തിലൂടെ എന്തിൽ നിന്നും എന്തായി മാറുന്നു എന്നു നോക്കു. ശ്രീമത്തനുസരിച്ച് നടക്കുന്നതിലൂടെ ഉയർന്ന പദവി നേടാൻ സാധിക്കും. പരിധിയില്ലാത്ത അച്ഛനിൽ നിന്ന് പരിധിയില്ലാത്ത സമ്പത്ത് നേടുന്നു. അതുകൊണ്ടാണ് ശ്രീമത് ഭഗവത് ഗീത എന്ന് പറയുന്നത്. ബാക്കി ശാസ്ത്രങ്ങൾ ഗീതയുടെ രചനയാണ്. ഗീത മാതാ-പിതാവാണ്. ഗീതയെ ഖണ്ഡിക്കുന്നതുകൊണ്ട് ആർക്കും ആസ്തി ലഭിക്കുന്നില്ല. ഇത് നിങ്ങൾ കുട്ടികൾക്ക് മാത്രമേ അറിയുകയുള്ളു. പഴയവർ മാത്രമാണ് സമർത്ഥർ എന്നല്ല. പല പുതിയവർ പഴയവരേക്കാളും തീവ്രമായി മുന്നോട്ട് പോകുന്നു. വൈകി വരുന്നവരും ഉയർന്ന പദവി നേടും. നിമിഷങ്ങളുടെ കളിയാണ്. ബാബ യുടേതായി എങ്കിൽ അവകാശിയാകുന്നു. അഥവാ ആർക്കെങ്കിലും നിലനില്ക്കാൻ സാധിക്കുന്നില്ല എങ്കിൽ ബാബയ്ക്ക് എന്ത് ചെയ്യാൻ സാധിക്കും. നിശ്ചയ ബുദ്ധിയായി ശ്രീമത്തനുസരിച്ച് നടന്നാൽ മാത്രം മതി.

മറ്റു സമ്പാദ്യത്തിൽ ദശകളുള്ളതുപോലെ ഇവിടെയും ദശകൾ ഉണ്ട്. ശ്രീമത്തനുസരിച്ച് നടക്കാത്തതു കാരണം ഗ്രഹപ്പിഴ ഉണ്ടാകുന്നു, ബാക്കി എല്ലാം പൂർണ്ണമായും സഹജമായ കാര്യങ്ങളാണ്. ബാബ മമ്മയുടേതായി എങ്കിൽ അളവറ്റ സുഖത്തിന്റെ ഖജനാവ് ലഭിക്കുന്നു. ഒരേ ഒരു ബാബയുടെ നിർദ്ദേശമനുസരിച്ച് നടക്കുന്നതിലാണ് മംഗളം. നിങ്ങൾ പകുതി കല്പമായി ആരെയാണോ ഓർമ്മിച്ചു കൊണ്ടിരുന്നത് ആ ബാബയെ നിങ്ങൾക്കിപ്പോൾ ലഭിച്ചു എങ്കിൽ മുറുകെ പിടിക്കണം. എന്തുകൊണ്ടാണ് ഈ കാര്യങ്ങളിൽ സംശയിക്കുന്നത്. ഡ്രാമയനുസരിച്ച് വീണ്ടും രാജ്യ ഭാഗ്യം നല്കാൻ വന്നിരിക്കുകയാണെന്ന് ബാബ പറയുന്നു. എന്റെ നിർദ്ദേശമനുസരിച്ച് നടക്കണം. എന്നെ ബുദ്ധികൊണ്ട് ഓർമ്മിക്കു. നിങ്ങൾക്ക് വേറൊരു ബുദ്ധിമുട്ടും തരുന്നില്ല. സ്വർഗ്ഗത്തിന്റെ സമ്പത്ത് നിങ്ങൾ നേടുന്നു. ഇന്നലെ സ്വർഗ്ഗമായിരുന്നു, ഇന്ന് നരകമാണ്. ഇപ്പോൾ വീണ്ടും സ്വർഗ്ഗമാകണം. ഇന്നലെ ഇവിടെ അധികാരി ആയിരുന്നു, ഇന്ന് യാചകനായി. ഇത് യാചകനും രാജകുമാരനും ആകുന്നതിനുള്ള കളിയാണ്. എത്ര സഹജമായ കാര്യങ്ങളാണ്. ദേഹി-അഭിമാനി ആകുന്നില്ല, ഇതിലാണ് പരിശ്രമം. നിങ്ങൾക്ക് ക്രോധം വരുന്നു എങ്കിൽ വായിൽ നാണയം ഇടു എന്ന് സന്ന്യാസിമാർ പറയുന്നു. ഈ ഉദാഹരണങ്ങൾ സർവ്വതും ഇപ്പോഴത്തെയാണ്. ഭ്രമരിവണ്ടിന്റെ ഉദാഹരണവും ഇവിടത്തേക്കാണ്. അഴുക്കിലെ കീടത്തെ തനിക്കു സമാനമാക്കുന്നു, ആശ്ചര്യമാണ്. അതുപോലെ നിങ്ങൾ ബ്രാഹ്മണികൾ ഇപ്പോൾ അഴുക്കിലെ കീടങ്ങളായ സർവ്വരെയും ജ്ഞാനത്തിന്റെ ഭൂം ഭൂം ചെയ്യുന്നു. ചിലർ പറക്കാൻ യോഗ്യതയുള്ള ബ്രാഹ്മണൻ അല്ലങ്കിൽ ബ്രാഹ്മണിയാകുന്നു. ചിലർ ശൂദ്രനേക്കാളും ശൂദ്രനായിരിക്കുന്നു. സർപ്പത്തിന്റെ ഉദാഹരണവും ഇവിടത്തെയാണ്. നിങ്ങൾ തന്നെ ആത്മാവെന്ന് മനസിലാക്കു. ഈ പഴയ തോൽ(ശരീരം) ഉപേക്ഷിച്ച് സത്യയുഗത്തിൽ പുതിയ തോൽ നേടണം. ബാബ ജ്ഞാനസാഗരമാണ്, ഗീത എത്ര ചെറുതായാണ് ഉണ്ടാക്കിയിരിക്കുന്നത്. ശ്ലോകങ്ങളെല്ലാം മന:പ്പാഠമാക്കുന്നു. ആളുകളെല്ലാം അവരിൽ സമർപ്പണമാകുന്നു. ഗീത പഠിച്ച് പഠിച്ച് കലിയുഗത്തിന്റെ അന്ത്യമായി. സദ്ഗതി ആർക്കും ലഭിക്കുന്നില്ല. നിങ്ങൾക്ക് കുറച്ച് ജ്ഞാനം ലഭിക്കുന്നതിലൂടെ തന്നെ നിങ്ങൾ സ്വർഗ്ഗത്തിലേക്ക് പോകുന്നു. എത്ര മധുരമുള്ളവരാകണം. ധാരണ ചെയ്യണം. വിചാര സാഗര മഥനം ചെയ്യണം. പകൽ സമയം ഈ ജോലി ചെയ്യൂ, വളരെ സമ്പാദ്യം ഉണ്ടാകും. ആത്മാവ് അതിരാവിലെ റിഫ്രഷ് ആകുന്നു. വീണ്ടും വീണ്ടും അഭ്യസിക്കുന്നതിലൂടെ ശീലമാകും. ഇപ്പോൾ ആര് ചെയ്യുന്നുവോ അവർ ഉയർന്ന പദവി നേടും, നിശ്ചയ ബുദ്ധീ വിജയന്തി സംശയ ബുദ്ധീ വിനശന്തി. പരിധിയില്ലാത്ത അച്ഛനെ ലഭിച്ചു പിന്നെ എന്തുകൊണ്ടാണ് ഈ കാര്യത്തിൽ സംശയിക്കുന്നത്. ശിവബാബ വിശ്വത്തിന്റെ യജമാനൻ ആക്കുന്നു പിന്നെ എന്തുകൊണ്ടാണ് ശിവബാബയെ മറക്കുന്നത്. ഈ ജ്ഞാന രത്നങ്ങളോട് വളരെ സ്നേഹം ഉണ്ടാകണം. മഹാദാനിയായ ബാബ നിങ്ങളെ വിശ്വത്തിന്റെ യജമാനൻ ആക്കുന്നു. ഈ ജ്ഞാനത്തിന്റെ ഓരോരോ രത്നങ്ങളും ലക്ഷകണക്കിന് വിലമതിക്കുന്നതാണ്. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ശ്രീമത്തനുസരിച്ച് നടന്ന് സ്വയം തന്റെമേൽ ദയ കാണിക്കണം. സർവ്വോദയ ആയി പതിത ലോകത്തെ പാവനമാക്കണം.

2) അമൃതവേളയിൽ ആത്മീയ ജോലി ചെയ്ത് സമ്പാദ്യം ശേഖരിക്കണം. വിചാരസാഗര മഥനം ചെയ്യണം. ദേഹി-അഭിമാനിയാകാൻ തീർച്ചയായും പരിശ്രമിക്കണം.

## വരദാനം:- സർവ്വ ശക്തികളെയും ആജ്ഞാനുസരണം നടത്തിക്കുന്ന ശക്തിസ്വരൂപരായ മാസ്റ്റർ രചയിതാവായി ഭവിക്കട്ടെ.

കുട്ടികൾ മാസ്റ്റർ സർവ്വശക്തിവാന്റെ അധികാരത്തിൽ ശക്തികളെ ആജ്ഞാനുസരണം നടത്തിക്കുകയാണെങ്കിൽ ഓരോ ശക്തികളും രചനകളുടെ രൂപത്തിൽ മാസ്റ്റർ രചയിതാവിന്റെ മുമ്പാകെ ഹാജരാകുന്നു. ആജ്ഞ കൊടുത്തതും ഹാജരാകുന്നു. അതിനാൽ ആരാണോ ''ഹജൂർ'' അതായത് ബാബയുടെ ഓരോ ചുവടിന്റെയും ശ്രീമത്ത് ഓരോ സമയത്തും ''ഞാൻ ഹാജരാണ് '', ഓരോ ആജ്ഞയിലും ഞാൻ ഹാജരാണ് എന്ന് പറയുന്നത്, അപ്പോൾ ''ജീ ഹാജർ'' എന്ന് പറയുന്നവരുടെ മുന്നിൽ ഓരോ ശക്തിയും

''ജീ ഹാജർ'' അല്ലെങ്കിൽ ''ജീ മാസ്റ്റർ ഹജൂർ'' എന്ന് പറയുന്നു. അങ്ങനെ ആജ്ഞയനുസരിച്ച് ശക്തികളെ കാര്യത്തിൽ പ്രയോഗിക്കുന്നവരെ തന്നെയാണ് മാസ്റ്റർ രചയിതാവെന്ന് പറയുക.

**സ്ലോഗൻ:- സിമ്പിളായി(ലളിതം) അനേകാത്മാക്കൾക്ക് സാമ്പിളായി(മാതൃക) മാറുക- ഇതും വളരെ വലിയ സേവനമാണ്.**

### മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ-

### ''നേരിട്ടുള്ള ഈശ്വരീയ ജ്ഞാനത്തിലൂടെ സഫലത''.

നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഈ അവിനാശീ ജ്ഞാനം നേരിട്ട് ജ്ഞാനസാഗരനായ പരമാത്മാവിൽ നിന്നാണ് ലഭിക്കുന്നത്. ഈ ജ്ഞാനത്തെ നമ്മൾ ഈശ്വരീയ ജ്ഞാനമെന്ന് പറയുന്നു, എന്തുകൊണ്ടെന്നാൽ ഈ ജ്ഞാനത്തിലൂടെ മനുഷ്യർ ജന്മ-ജന്മാന്തരത്തിലെ ദു:ഖങ്ങളുടെ ബന്ധനത്തിൽ നിന്നും മോചിതരാകുന്നു, കർമ്മ ബന്ധനങ്ങളിൽ വരുന്നില്ല, അതിനാൽ തന്നെയാണ് ഈ ജാ‌ഞാനത്തെ അവിനാശീ ജ്ഞാനമെന്ന് പറയുന്നത്. ഇപ്പോൾ ഈ ജ്ഞാനം ഒരേയൊരു അവിനാശിയായ പരമപിതാ പരമാത്മാവിലൂടെയാണ് പ്രാപ്തമാകുന്നത്, എന്തുകൊണ്ടെന്നാൽ പരമാത്മാവ് സ്വയം അവിനാശിയാണ്. ബാക്കി സർവ്വ മനുഷ്യാത്മാക്കളും ജനന-മരണ ചക്രത്തിൽ വരുന്നവരാണ്. അതിനാൽ അവരിൽ നിന്ന് ലഭിക്കുന്ന ജ്ഞാനം നമ്മളെ കർമ്മ ബന്ധനത്തിൽ നിന്ന് മോചിപ്പിക്കുന്നില്ല. ഇക്കാരണത്താൽ അവരുടെ ജ്ഞാനത്തെ മിഥ്യാജ്ഞാനം അഥവാ വിനാശീജ്ഞാനമെന്ന് പറയുന്നു. പക്ഷെ ദേവതകൾ സദാ അമരന്മാരാണ് എന്തുകൊണ്ടെന്നാൽ അവർ അവിനാശിയായ പരമാത്മാവിലൂടെ ഈ അവിനാശിയായ ജ്ഞാനം പ്രാപ്തമാക്കിയതാണ്, അതിനാൽ ഇതിലൂടെ തെളിയുന്നതെന്തെന്നാൽ പരമാത്മാവ് ഒന്നാണ്, പരമാത്മാവിന്റെ ജ്ഞാനവും ഒന്നാണ്. ഈ ജ്ഞാനത്തിലൂടെ രണ്ട് മുഖ്യമായ കാര്യങ്ങൾ ബുദ്ധിയിൽ വെക്കണം, ഒന്ന് ഇതിൽ വികാരീ കലിയുഗീ സംഗദോഷത്തിൽ നിന്നും മാറിയിരിക്കണം, രണ്ടാമതായി മ്ലേച്ഛമായ ആഹാര പാനീയങ്ങളിൽ പത്ഥ്യം പാലിക്കണം. ഈ പത്ഥ്യം പാലിക്കുന്നതിലൂടെത്തന്നെയാണ് ജീവിതം സഫലമാകുന്നത്. ഓം ശാന്തി.